# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2352 — 13.02.2013 ൽ മറുപടിയ്ക്ക്

## സഹകരണനിയമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) നിലവിലുള്ള സഹകരണനിയമത്തിലും അനുബന്ധചട്ടങ്ങളിലും ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) പാർലമെന്റ് പാസ്സാക്കിയ ഭരണഘടനാ (97-)ം ഭേദഗതി) നിയമം, 2011 ലെ വ്യവസ്ഥകൾക്കനുസൃതമായും, സംസ്ഥാനത്തെ സഹകരണ മേഖലയുടെ വളർച്ച കണക്കിലെടുത്തുകൊണ്ടും സംസ്ഥാന സഹകരണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ നിയമഭേദഗതി ബാധിക്കുമെന്നതിനാൽ ഈ വിഷയത്തിൽ പൊതുജനങ്ങളുടെ അഭിപ്രായം ആരായാൻ തയ്യാറാകുമോ; | (ബി) ഇപ്പോൾ സഹകരണ നിയമത്തിലും ചട്ടത്തിലും ഭേദഗതി വരുത്തുന്നത് പ്രധാനമായും ഭരണഘടനാ (97-)ം ഭേദഗതി) നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ്. മറ്റുള്ള നിയമ/ചട്ട ഭേദഗതികൾ സഹകരണ മേഖലയുടെ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിനും, മേഖലയുടെ മൊത്തത്തിലുള്ള പുരോഗതിയും ലക്ഷ്യമാക്കിയുള്ളവയാണ്. ഇപ്രകാരമുള്ള നിയമ/ചട്ട ഭേദഗതികൾ തയ്യാറാക്കുമ്പോൾ സംസ്ഥാനത്തെ ബന്ധപ്പെട്ട സഹകരണ മേഖലയുടെ അല്ലെങ്കിൽ സഹകാരികളുടെ അഭിപ്രായ നിർദ്ദേശങ്ങൾ പരിഗണിക്കാറുണ്ട്. മാത്രമല്ല സഹകരണ മേഖലയിലെ എല്ലാ വിഭാഗം ആൾക്കാരെയും ഉൾക്കൊള്ളിച്ചുകൊണ്ട് നടത്തിയ 7-)ം സഹകരണ കോൺഗ്രസ്സിൽ ഇക്കാര്യം ചർച്ച ചെയ്യുകയും അഭിപ്രായങ്ങൾ രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഇത് സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായം പ്രത്യേകം ആരായേണ്ട സാഹചര്യം ഉള്ളതായി കാണുന്നില്ല. |

| | | | |
|---|---|---|---|
| (സി) | നിലവിലുള്ള നിയമത്തിൽ എന്തൊക്കെ ഭേദഗതികളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | സംഘങ്ങളുടെ പ്രവർത്തനത്തിലും ഘടനയിലും താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഭരണഘടനാ ഭേദഗതി നിയമത്തിൽ, സഹകരണ സംഘം ഭരണസമിതി അംഗങ്ങളുടെ എണ്ണം പരമാവധി 21 ആയും പ്രത്യേക സംവരണം ചെയ്തിട്ടുള്ള വനിതാ അംഗങ്ങളുടെ എണ്ണം 3 ൽ നിന്നും 2 ആയും ഭരണ സമിതിയുടെ കാലാവധി തെരഞ്ഞെടുപ്പ് തീയതി മുതൽ 5 വർഷമായും ഇടക്കാല ഒഴിവ് നോമിനേഷൻ വഴി നികത്തുന്നതിനും, ബാങ്കിംഗ്, മാനേജ്മെന്റ്, ഫിനാൻസ് അല്ലെങ്കിൽ സംഘത്തിന്റെ ഉദ്ദേശ്യങ്ങളും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മേഖലയിൽ പരിചയം ഉള്ള 2 പേരെ കോ-ഓപ്റ്റ് ചെയ്യുന്നതിനും, സംഘം ഭരണ സമിതയുടെ സൂപ്പർസെഷൻ 6 മാസത്തിലധികരിക്കരുതെന്നും, ബാങ്കിംഗ് ബിസിനസ് ചെയ്യുന്ന സംഘങ്ങൾക്ക് ആയത് ഒരു വർഷത്തിലധികരിക്കരുതെന്നും, സർക്കാർ സഹായം ലഭിച്ചിട്ടില്ലാത്ത സഹകരണ സംഘങ്ങളുടെ ഭരണസമിതികളെ സൂപ്പർസീഡ് (പിരിച്ചുവിടാൻ) ചെയ്യാൻ പാടില്ലെന്നും, വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സംഘത്തിന്റെ ആഡിറ്ററുടെയും ആഡിറ്റിംഗ് ഫേമുകളുടെയും യോഗ്യതയും പരിചയവും സംസ്ഥാന നിയമത്തിൽ ഉൾപ്പെടുത്തുന്നതിനും, ആഡിറ്ററെ രജിസ്ട്രാർ അംഗീകരിച്ച പാനലിൽ നിന്നും നിയമിക്കണമെന്നും, സാമ്പത്തിക വർഷം അവസാനിച്ച 6 മാസത്തിനകം സംഘം ആഡിറ്റ് ചെയ്തിരിക്കണമെന്നും, അപ്പക്സ് സ്ഥാപനങ്ങളുടെ ആഡിറ്റ് സർട്ടിഫിക്കറ്റ് സംസ്ഥാന നിയമസഭ മുമ്പാകെ സമർപ്പിക്കണമെന്നും, സാമ്പത്തിക വർഷം അവസാനിച്ച് കഴിഞ്ഞ് 6 മാസത്തിനകം പൊതുയോഗം കൂടുന്നതിനും, എല്ലാ സഹകരണ സംഘങ്ങളുടെയും തെരഞ്ഞെടുപ്പ് ഒരു പ്രത്യേക അധികാര സ്ഥാപനം നടത്തണമെന്നും, സംഘം മാനേജ്മെന്റ്/പ്രവർത്തനം എന്നിവയിൽ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും വ്യവസ്ഥ |

ചെയ്തിട്ടുണ്ട്. സംഘത്തിന്റെ രേഖകൾ, ബുക്കുകൾ എന്നിവ അധികാരപ്പെട്ട ആളിന് കൈമാറുന്നതിലെ വീഴ്ചയും, ഭരണസമിതി അംഗങ്ങളോ, ഓഫീസ് ചുമതലക്കാരോ തെരഞ്ഞെടുപ്പിന് മുൻപോ തെരഞ്ഞെടുപ്പ് സമയത്തോ, ശേഷമോ അഴിമതി നടത്തുന്നത് കുറ്റങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥയും ടി ഭരണഘടനാ ഭേദഗതി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽ പരാമർശിച്ച വ്യവസ്ഥകളും അതോടൊപ്പം സംസ്ഥാനത്തെ സഹകരണ മേഖലയുടെ വളർച്ചക്കനുസൃതമായ ഭേദഗതികളും സംസ്ഥാന നിയമങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ